**വടകര-മണിയൂർ റൂട്ടിലെ യാത്രാക്ലേശം**

**174 (771)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വടകര-മണിയൂർ റൂട്ടിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് കെ. എസ്. ആർ. ടി. സി. എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വടകര-മണിയൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി ഇപ്പോൾ ഒരു സർവ്വീസ് നടത്തുന്നുണ്ട്. പുറമെ 12 ട്രിപ്പുകൾ ലഭ്യമാക്കുന്ന തരത്തിൽ ഒരു സർവ്വീസ് കൂടി ആരംഭിക്കുന്നതിനുള്ള അനുവാദം നൽകി കഴിഞ്ഞിട്ടുണ്ട്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് അനുവാദം നൽകിയ സർവ്വീസ് ആരംഭിക്കുന്നതാണ്.

**തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ**

**175 (772)** ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടിയിൽ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ ?

(ബി) ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്നു വിശദമാക്കുമോ ?

ഉത്തരം

(എ)&(ബി) തിരുവമ്പാടിയിൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി.യുടെ സജീവ പരിഗണനയിലാണ്.

**തൃശ്ശൂർ-കുണ്ടുകാട്-വടക്കാഞ്ചേരി കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ്**

**176 (773)** ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-കുണ്ടുകാട്-വടക്കാഞ്ചേരി വഴി കെ. എസ്. ആർ. ടി. സി. സർവ്വീസ് ആരംഭിക്കണം എന്ന നിവേദനം ലഭ്യമായിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) നടപടികൾ പൂർത്തീകരിച്ച് സർവ്വീസ് എന്ന് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly